(ബി) പുതിയതായി എത്ര 108 ആംബുലൻസുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട് ;

(സി) ജില്ലാ കേന്ദ്രങ്ങൾക്ക് പുറമേ താലൂക്ക് ആസ്ഥാനങ്ങളിൽക്കൂടി 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള എമർജൻസി മെഡിക്കൽ സർവ്വീസിന്റെ ഭാഗമായി വാങ്ങിയ 108 ആംബുലൻസിൽ 25 എണ്ണം തിരുവനന്തപുരം ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്. 25 എണ്ണം ജില്ലാ ആസ്ഥാനങ്ങളിലും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട പ്രധാന ആശുപത്രികളിലും വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത്. പുതുതായി വാങ്ങുന്ന 100 ആംബുലൻസുകളുടെ സേവനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ബാലുശ്ശേരി സി.എച്ച്.സി.-യിൽ ആംബുലൻസ് സംവിധാനം

35 (483) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സി.എച്ച്.സി.-യിൽ ആംബുലൻസ് സംവിധാനം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ സംവിധാനം നിലവിലില്ലാതായിട്ട് എത്ര നാളായി ;

(സി) അടിയന്തരമായി ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ബാലുശ്ശേരി സി.എച്ച്.സി.-യിലെ നിലവിലുണ്ടായിരുന്ന ആംബുലൻസ് 29-6-2006 മുതൽ പ്രവർത്തനരഹിതമാണ്. എച്ച്.എം.സി.-യുമായി ബന്ധപ്പെട്ട് ആംബുലൻസ് പ്രവർത്തനം സജ്ജമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

വെള്ളാനിക്കര പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

36 (484) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാനിക്കര പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം ദേശീയപാത വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് പൊളിച്ചു നീക്കേണ്ടതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെള്ളാനിക്കര പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly